എയർ കേരള വിമാന സർവ്വീസ്

8 (*308) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കേരള സർവ്വീസ് തുടങ്ങാനുള്ള ലൈസൻസിന് കേരളം ഔദ്യോഗികമായി വ്യോമയാന മന്ത്രാലയത്തിന് അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) വിമാന സർവ്വീസ് തുടങ്ങുന്നതിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ എന്തെല്ലാം ; ഈ വ്യവസ്ഥകളിൽ എന്തെങ്കിലും ഇളവുകൾ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയിൽ സർക്കാർ ഓഹരി എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഇല്ല. നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവുചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തർദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA' എന്ന പേരിൽ International Budget Air അനുവദിക്കുന്നതിനാവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് 8-6-2015-ലും മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. എന്നാൽ ഇളവുകൾ ലഭ്യമായിട്ടില്ല.

(സി) ഇതിനുള്ള മൊത്തം മുതൽമുടക്കിൽ 24 ശതമാനം കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിനോടൊപ്പം കേരള സർക്കാർ പങ്കിടാനും ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

ഷെയറുകളായി പൊതുജനങ്ങളിൽനിന്നും ഇന്ത്യാക്കാരായ പ്രവാസികളിൽനിന്നും സമാഹരിക്കാനുമാണ് വിഭാവനം ചെയ്യുന്നത്. പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ഇളവുകൾ ലഭിച്ചശേഷമേ ഫണ്ട് സമാഹരണം സംബന്ധിച്ച അന്തിമ തീരുമാനങ്ങൾ സാദ്ധ്യമാകൂ.

(ഡി) കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പ്രവൃത്തി പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. ഈ യോഗ്യതകൾ ഇല്ലാത്തതിനാൽ കമ്പനിക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കാനായിട്ടില്ല. ടി നിബന്ധകൾക്ക് ഇളവ് ലഭിക്കുന്നമുറയ്ക്ക് ഈ പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞം ഇ.പി.സി. ടെണ്ടർ നടപടികൾ

9 (*309) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇ.പി.സി. ടെണ്ടർ ക്ഷണിച്ചതിനുശേഷം ആർ.എഫ്.ക്യു (Request for Qualification) യിൽ ഏതെല്ലാം ഘട്ടങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായിട്ടുണ്ട് ;

(ബി) ഓരോ ഘട്ടത്തിലും വരുത്തിയ മാറ്റങ്ങളും അതിനുള്ള കാരണങ്ങളും വിശദമാക്കാമോ ; ആരുടെ ആവശ്യപ്രകാരമായിരുന്നു ഈ മാറ്റങ്ങൾ എന്നറിയിക്കുമോ ;

(സി) ലീസ് എഗ്രിമെന്റിനുപകരം ലൈസൻസ് എഗ്രിമെന്റ് മതി എന്ന് തീരുമാനിച്ചത് ആരുടെ ശിപാർശയിൻമേലാണ് ; എപ്പോഴായിരുന്നു ; ലൈസൻസ് എഗ്രിമെന്റ് വഴി എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ലൈസൻസ് എഗ്രിമെന്റ് കാലാവധി തീരുന്നത് ഏത് തീയതിയിലായിരിക്കും ; അന്നുമുതൽ പദ്ധതി നടത്തിപ്പ് പൂർണ്ണമായും സംസ്ഥാനത്തിനു നിക്ഷിപ്തമാകുമോ ; അതു സംബന്ധമായ കരാറിലെ വ്യവസ്ഥകൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly